## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6588   04.04.2018 – ൽ മറുപടിക്ക്

# കാസർകോട് മുതൽ കഴക്കൂട്ടം വരെയുള്ള നാലുവരി ദേശീയപാത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. വി.ടി. ബൽറാം :<br>ശ്രീ. കെ.മുരളീധരൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത നാല് വരിയാക്കുന്നതിന്റെ അലൈൻമെന്റ് പൂർത്തിയായിട്ടുണ്ടോ ; | (എ) കാസർഗോഡ് മുതൽ കഴക്കൂട്ടം വരെ ദേശീയപാത നാല് വരി ആക്കുന്നതിനുള്ള പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി വരുകയാണ്. ഇതിൽ ചേർത്തല - കഴക്കൂട്ടം ദേശീയപാത 45 മീറ്ററായി വികസിപ്പിക്കുന്നതിന് M/s SMEC India Private Limited, New Delhi - യെ കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. അവർ തയ്യാറാക്കിയ അലൈൻമെന്റിന് സംസ്ഥാന സർക്കാർ പൊതുവായ അംഗീകാരം നൽകിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ സ്ഥലമെടുപ്പിനുള്ള 3 (A) നോട്ടിഫിക്കേഷൻ ഗവൺമെന്റ് ഓഫ് ഇന്ത്യ ഗസറ്റിലും, പ്രാദേശിക ദിന പത്രത്തിലും പ്രസിദ്ധീകരി- |

ച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ല-യ്ക്കായുള്ള നോട്ടിഫിക്കേഷൻ തയ്യാറാക്കി വരുകയാണ്.

| | | |
|---|---|---|
| (ബി) | എവിടെയൊക്കെയാണ് ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് എന്നറിയിക്കാമോ ? | (ബി) കണ്ണൂർ ജില്ലയിലെ തലശ്ശേരി മാഹി ബൈപ്പാസ് നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇത് 2020 മേയ് മാസത്തോടെ പൂർത്തീകരി-ക്കുന്നതായിരിക്കും. കോഴിക്കോട് ബൈപ്പാസിന്റെ നാല് വരി പാതയാക്കുന്നതിന്റെ പ്രവൃത്തി 2018 മേയ് മാസത്തോടെ ആരംഭിച്ച് രണ്ട് വർഷം കൊണ്ട് പൂർത്തീകരി-ക്കുന്നതായിരിക്കും. ശേഷിക്കുന്ന ഭാഗങ്ങളിലെ നാലു വരി പാതയാക്കുന്നതിന്റെ ടെണ്ടർ നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ എടുത്തു വരുന്നു. സ്ഥലമെടുപ്പ് പൂർത്തി-യാകുന്ന മുറയ്ക്ക് 2020 - ഓടെ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയും.<br><br>കേന്ദ്രം 2016 - 2018 കാലത്ത് $1^1/_2$ വർഷം നടപടികൾ എടുത്തില്ല. ഇനി കാലതാമസം NHAI വരുത്തുന്നില്ലെങ്കിൽ 2020 ഡിസംബറിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

S. Bindu

**സെക്ഷൻ ഓഫീസർ**